# Little Stars

# S T.PHLOMINA'S G.H.S ARPOOKARA




**L K/2018/33058**

# ഉള്ളടക്കം


| | പേജ് |
|---|---|
| സന്ദേശം | 1 |
| സ്കൂൾ ചരിത്രം | 2 - 3 |
| ലിറ്റിൽ കൈറ്റ്സ് പദ്ധതി | 4 |
| സപ്തതിയുടെ നിറവിൽ | 5 |
| ലേഖനം - ഇന്ന് ശിഥിലമാകുന്ന കുടുംബങ്ങൾ | 6 - 7 |
| കഥ - സ്വർണപക്ഷിയും ഹംസവും | 8 |
| CONVERSION | 9 |
| കഥ -അമ്മുക്കുട്ടിയുടെ മുത്തശ്ശി | 10 |
| വിസ്മയലോകത്തേക്ക് ഒരു ഉല്ലാസയാത്ര | 11 -12 |
| മിഠായി .com | 13 |
| GEOGEBRA | 14 |
| കഥ - കഴുത | 15 |
| കവിത - ഇന്ധനം | 16 - 17 |
| Hai Birds | 18 |
| എന്റെ ചിത്രം | 19 |
| 2019 | 20 |
| The Theft | 21 - 22 |
| സംഖ്യാജാലം | 23 |
| കവിത - വറ്റാത്ത നീരുറവ | 24 |
| കഥ - നിഴൽവീണ വഴികൾ | 25 - 27 |

# സന്ദേശം

കൈവിരൽ തുമ്പിൽ ലോകം നിയന്ത്രിക്കപ്പെടുന്ന ഈ കാലത്ത് സാങ്കേതിക പരിജ്ഞാനത്തിൻെറ പടവുകളിലേയ്ക്ക് കുട്ടികളെ കൈപിടിച്ചുയർത്താൻ പൊതുവിദ്യഭ്യാസവകുപ്പിന്റെ സംരംഭമായ 'Little kites'-ന്റെ ആഭിമുഖ്യത്തിൽ തയാറാക്കപ്പെടുന്ന **'Little Stars-digital magazine'** എല്ലാ ഭാവുകങ്ങളും നേരുന്നു.

**ബീനാ തോമസ് (H M)**

# സ്കൂൾ ചരിത്രം



1944 തൊട്ട് 1964 വരെ വില്ലൂന്നി സെൻറ് സേവ്യേഴ്സ് ഇടവക വികാരിയായിരുന്ന അതിരമ്പുഴ സ്വദേശി സിറിയക് കോട്ടയരികിലച്ചൻ ആർപ്പൂക്കരയുടെ വികസന കാര്യങ്ങളിൽ വളരെ താല്പര്യമുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വില്ലൂന്നിയിലെ കർമ്മലീത്താമഠത്തോടനുബന്ധിച്ച് വിദ്യാലയം ആരംഭിക്കുന്നതിന് ഇടവകാംഗങ്ങൾ പരിശ്രമം തുടങ്ങി. സംസ്ഥാനത്ത് കുറെ സ്കൂളുകൾ ആരംഭിക്കുവാൻ ഗവൺമെൻറ് ആലോചനകൾ തുടങ്ങി. അക്കാലത്ത് തിരുവനന്തപുരത്ത് ദീപിക ദിനപത്രത്തിന്റെ പ്രതിനിധിയായി ജോലിചെയ്തിരുന്നത് ആർപ്പൂക്കര കുന്നംപുറത്ത് ശ്രീ.കെ.സി തോമസാണ്. അദ്ദേഹം സർക്കാരിന്റെ ഈ നീക്കം അറിയുകയും വിവരം കോട്ടയരികിലച്ചനേയും മറ്റും അറിയിക്കുകയും ചെയ്തു. വില്ലൂന്നിയിൽ സ്കൂൾ ആരംഭിക്കുന്നതിന് നിവേദനം നല്കൽ തുടങ്ങിയവ ആരംഭിച്ചു. മാന്നാനം തൈയിൽ കുടുംബാംഗമായ റവ.സി.റോസ് മേരിയും മാന്നാനം സെൻറ് എഫ്രേംസ് ഹൈസ്കൂളിലെ കറസ്പോൺടൻറ് ആയിരുന്ന കുന്നംപുറത്ത് കെ.സി. ചെറിയാനും കൂടി സ്കൂൾ നടത്തുന്നതിനാവശ്യമായ ആഫീസ് റിക്കാർഡുകൾ ഉണ്ടാക്കി. ശ്രീ.ടി.കെ. കോശി വിദ്യാഭ്യാസ ഡയറക്ടറായിരിക്കുമ്പോൾ ഗവൺമെൻറ് അംഗീകാരം ലഭിക്കുകയും 1946 ജൂൺ 6 തീയതി പള്ളി വക കെട്ടിടത്തിൽ സെൻറ് ഫിലോമിനാസ് പ്രൈമറി സ്കൂൾ ഒന്നാം ക്ലാസും, മഠം വക കെട്ടിടത്തിൽ മിഡിൽ സ്കൂൾ ഒന്നാം ഫാറവും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പ്രൈമറി സ്കൂളിന്റെ

ആദ്യത്തെ ഹെഡ്മിസ്ട്രസ് റവ.സി. ജോസഫിനാ പെരുമാലിയും മിഡിൽ സ്കൂളിൻറെ ഹെഡ്മിസ്ട്രസ് റവ.സി.റോസ്മേരി തയ്യിലും ആയിരുന്നു.

1950 ജൂൺ 6 തീയതി അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ എൻ. കുഞ്ഞിരാമൻ സ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചു. 1957 ജൂൺ 3 ന് ഫോർത്ത് ഫോറം (8 -)o സ്റ്റാൻഡാർഡ്) ക്ലാസോടുകൂടി സെൻറ് ഫിലോമിനാസ് ഹൈസ്കൂൾ വിഭാഗം പ്രവർത്തനം ആരംഭിച്ചു. ആർപ്പൂക്കര സെൻറ് സേവ്യേഴ്സ് ഇടവക വികാരിയായിരുന്ന ആദ്യകാലങ്ങളിലെ സ്കൂൾ മാനേജർ. ഇപ്പോൾ ചങ്ങനാശേരിയിലെ അതിരൂപതാ കോർപറേറ്റ് മാനേജ്മെൻറിന്റെ ചുമതലയിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. കർമ്മിലീത്താമഠത്തിലെ മദർ സുപ്പീരിയർ ലോക്കൽ മാനേജരായും പ്രവർത്തിക്കുന്നു. 1999 ജൂൺ 17 ന് സുവർണ്ണജൂബിലി ആഘോഷിച്ച ഈ സ്കൂൾ ഇന്ന് സപ്തതിയുടെ നിറവിൽ എത്തി നിൽക്കുന്നു.

ഈ സ്കൂളിൻറെ ഇന്നോളമുള്ള വളർച്ചയിൽ ഇതിനെ നയിച്ചുകൊണ്ടിരിക്കുന്ന ദൈവീകചൈതന്യം ഒളിമങ്ങാതെ കാത്തുസൂക്ഷിച്ച്. സ്നേഹത്തിന്റെയും, ത്യാഗത്തിൻറെയും. സേവനത്തിന്റെയും ജ്ഞാനത്തിന്റെയും ഉത്തമമാതൃകയായി പ്രശോഭിച്ച് വിജയശ്രീലാളിതയായി ചരിത്രത്തിന്റെ നൂറ്റാണ്ടുകളിലൂടെ കടന്നുപോകുവാൻ ഈ മാതൃക വിദ്യാലയത്തിന് സാധിക്കട്ടെ.

**മെർളിൻ മിനോയി**

# ലിറ്റിൽ കൈറ്റ്സ് പദ്ധതി

***കേരളത്തിലെ പുതിയ തലമുറയിൽ വലിയ ഒരു വിഭാഗം വിവരവിനിമയസാംവേദന ഉപകരണങ്ങളെ ഉപയോഗിക്കുന്നവരാണെങ്കിലും ഈ രംഗത്ത് താല്പര്യവും അഭിരുചിയുമുള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുയും ചെയ്യുന്നതിന് ബോധപൂർവമായ ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. ഉപജീവനത്തിൻെറ ഭാഗമായി നിർമിച്ചെടുക്കുന്നവയല്ലാതെ അമച്വർതലത്തിലുള്ള ഐ.സി.ടി ഉത്പന്നങ്ങൾ കേരളത്തിൽനിന്നും ഉണ്ടാകാതിരിക്കുന്നതിന് ഇത് പ്രധാന കാരണമാണ്. സ്വതന്ത്ര സോഫ്റ്റവെയർ കൂട്ടായ്മയിൽ രൂപംകൊണ്ട ജിമ്പ് പോലുള്ള പല പ്രശസ്ത സോഫ്റ്റ് വെയറുകളും ഇത്തരത്തിലുള്ള നിർമിതിയായിരുന്നു എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.***

***മത്സരപരീക്ഷകളുടെ രീതികൾക്കു സംവിധാനങ്ങൾക്കുമനുസരിച്ച് കുട്ടികൾ സ്വയം ക്രമീകരിക്കുമ്പോൾ പ്രാഥമികമായ യുക്തിചിന്ത, അന്വേഷണക്ഷമത എന്നിവ നഷ്ടപ്പെട്ട പോകുന്നതായി കാണാം. വിവരവിനിമയ സാങ്കേതികവിദ്യാലോകത്ത്, വിവരങ്ങളുടെ കുത്തൊഴുക്കിൽ ചുറ്റും കാണുന്ന സാങ്കേതിക നിർമിതികൾ എങ്ങനെ ഉണ്ടാക്കപ്പെട്ടു എന്ന് അന്വേഷിക്കാനുള്ള ആകാംക്ഷപോലും നമുക്ക് നഷ്ടപ്പെടുന്നുണ്ട്. ചുറ്റുപാടും കാണുന്നതെല്ലാം എങ്ങനെയുണ്ടായി എന്നോ അവ എങ്ങനെ പ്രവർത്തിക്കുന്നു എന്നോ ഉള്ള അന്വേഷണമാണ് ശാസ്ത്രാവബോധം വളർത്തുന്നത് എന്നതും നമുക്കിവിടെ ഓർമിക്കാം. കുട്ടികൾ അവർ ദൈനംദിനം കാണുകയും ഉപയോഗിക്കുകയും പരിചയിക്കുകയും ചെയ്യുന്ന ഇന്റർനെറ്റ്, മൊബൈൽ ആപ്പുകൾ, സോഫ്റ്റവെയറുകൾ, അനിമേഷനുകൾ, ഗെയിമുകൾ തുടങ്ങിയവ എങ്ങനെ പ്രവർത്തിക്കുന്നു എന്നതും എങ്ങനെ നിർമിക്കപ്പെട്ടു എന്നതും പുതിയ ലോകത്തിന്റെ ശാസ്ത്രാന്വേണപരിധിയിൽ വരേണ്ടവതന്നെയാണ്. ഇത്തരത്തിൽ സോഫ്റ്റ്‌വെയറുകളും ഇന്റർനെറ്റും ഉപയോഗിക്കുമ്പോൾ ഉത്തരവാതിത്ത്വമുള്ള സാമൂഹ്യജീവി എന്നനിലയിൽ പാലിക്കേണ്ട കടമകളും ആർജിക്കേണ്ടമൂല്യബോധവും പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതും വിവരവിനിമയ സാങ്കേതികവിദ്യാപഠനത്തിൽ അത്യാവശ്യമാണ്.***

അഞ്ചിമ ജോജോ

# സപ്തതിയുടെ നിറവിൽ

മൂല്യങ്ങൾക്കൊപ്പം വിജ്ഞാനത്തിന്റെ അക്ഷയഖനിയായ് ആയിരങ്ങൾക്ക് അക്ഷരവെളിച്ചം പകർന്നു നൽകിയ ആർപ്പൂക്കര സെന്റ് ഫിലോമിനാസ് സപ്തതി നിറവിലെത്തിനിൽക്കുകയാണ് പകരം വായ്ക്കാനാവാത്ത മികവുകളുമായി . പഠന,കലാ-കായിക രംഗങ്ങളിലെല്ലാം മികവു പുലർത്തിക്കൊണ്ട് , കോട്ടയം ജില്ലയിലെ തന്നെ മികച്ചൊരു വിദ്യാലയമായി സെൻറ് ഫിലോമിനാസ് പ്ര ശോഭിക്കുന്നു . S.S.L.C,യ്ക്ക് തുടർച്ചയായി 100% വിജയവുമായി 11-ാംവർഷത്തിലേക്ക് കടക്കുന്ന സ്കൂളിനെ ഇപ്പോൾ നയിക്കുന്നത് ലോക്കൽ മാനേജർ റവ. സി . റോസ്ലിൻ മേരി സി . എം .സി . യും ,Headmistress ശ്രീമതി ബീനാ തോമസുമാണ്. N.C.C, Redcross, Guiding , Band , K.C.S.L, D.C.L , Little kites,ഹരിതസേന, വിവിധ ക്ലബുകൾ എന്നിവ കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു അധ്യാപക രക്ഷാകർത്ത്യസമിതിയും സജീവമായി പ്രവർത്തിക്കുന്നു.

1949 ജൂൺ 6-ാം തീയതി വില്ലൂന്നി പള്ളിവക കെട്ടിടത്തിൽ പ്രൈമറി സ്കൂൾ ഒന്നാം ക്ലാസ്സും , മഠം വക കെട്ടിടത്തിൽ മിഡിൽ സ്കൂൾ ഒന്നാം ഫാറവും പ്രവർത്തനം ആരംഭിച്ചു. സെന്റ് ഫിലോമിനസ് എൽ.പി സ്കൂളിന്റെയും ഹൈസ്കൂളിന്റെയും ഒരുവർഷം നീണ്ടുനിൽക്കുന്ന സപ്തതി ആഘോഷപരിപാടികൾക്ക് തുടക്കമായി . 2018 നവംബർ 30 ന് റവ ;സി ;ഫിലോക്രിസ്റ്റി സി.എം.സി (എഡ്യൂക്കേഷൻ കൗൺസിലർ). അധ്യക്ഷതവഹിച്ച യോഗത്തിൽ ചങ്ങനാശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. റവ;ഫാ;മനോജ് കറുകയിൽ (കോർപറേറ്റ് മാനേജർ) മുഖ്യപ്രഭാഷണവും, റവ; ഡോ; സേവ്യർ ജെ. പുത്തൻകളം (വില്ലൂന്നി സെന്റ സേവ്യേഴ്സ് ചർച്ച് വികാരി) അനുഗ്രഹ പ്രഭാഷണവും നടത്തി.കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ സണ്ണി പാമ്പാടി സപ്തതി സ്മാരക കമാനത്തിന്റെ ഉദ്ഘാടനവും ആർപ്പൂക്കര ഗ്രാമപഞ്ചയത്ത് പ്രസിഡന്റെ ശ്രീ.മോഹൻ.സി.ചതുരച്ചിറ സപ്തതി സ്മാരക പ്രൊജക്ടുകളുടെ ഉദ്ഘാടനവും നിർവ്വഹിച്ചു. അഡ്വ.ബി മഹേഷ് ചന്ദ്രൻ ( ജില്ല പഞ്ചായത്ത് മെമ്പർ ),ശ്രീ. എം. കെ. മോഹൻദാസ് (AEO കോട്ടയം ), ശ്രീമതി ശോഭന വേലായുധൻ വാർഡ്മെമ്പർ ശ്രീമതി ബീനാ രാജേന്ദ്രൻ വിദ്യാഭ്യാസ സ്റ്റാാന്റിംഗ് കമമിറ്റി ചെയർപേഴ്സൺ ശ്രീ സണ്ണി മുര്യങ്കരി (PTA പ്രസിഡന്റ് HS).ശ്രീ വിജു കെ നായർ (PTA പ്രസിഡന്റ് UP) എന്നിവർ ആശംസകൾ അർപ്പിച്ചു.

 **നന്ദിത സേതു & അഞ്ചിമ ജോജോ**

## ഇന്ന് ശിഥിലമാകുന്ന

# കുടുംബബന്ധങ്ങൾ

നമ്മുക്കെന്നും ഓർമ്മകൽ തരുന്ന,മറക്കാനാവാത്ത അനുഭവങ്ങൾ പകരുന്ന,ഒരു സ്നേഹക്കൂട്ടായ്മയാണ് നമ്മുടെ കുടുംബം.പക്ഷേ വർണ്ണത്തിളപ്പിന്റെ മഹാലോകം ആ ബന്ധങ്ങളെ മാറ്റിമറിക്കുന്നുണ്ടെന്നതിൽ ഒട്ടുംതന്നെ സംശയമില്ല.കുടുംബബന്ധങ്ങൾ,അതിൽനിന്നും രൂപം പ്രാപിക്കുന്ന മനുഷ്യബന്ധങ്ങൾ, അത് സ്നേഹത്തിന്റെയും സമാധാനത്തിന്റെയുംഒരു വിത്ത് ആകുന്നില്ലെങ്കിൽ ജീവിക്കുന്നതിൽ ഒരു പ്രയോജനവുമില്ല. കാരണം ജീവിതങ്ങളുണ്ടാകുന്നത് ബന്ധങ്ങളിൽനിന്നാണ്.കുടുംബബന്ധ ങ്ങൾ എങ്ങനെയായിരിക്കുന്നുവോ അങ്ങനെതന്നെ ജീവിതവും ജീവിതസാഹചര്യവും സ്വഭാവവും സ്വഭാവവത്കരണവും രൂപംകൊള്ളും.

ഒരു കുഞ്ഞ്,അവൻ വളർന്നുവരുന്ന സാഹചര്യങ്ങൾ,അവന്റെ കുടുംബം,കുടുംബത്തിൽ അന്തർലീനമായിരിക്കുന്ന , സ്നേഹത്തിൽ വേരുപാകിയിരിക്കുന്ന ബന്ധങ്ങള്,അതവനെ ഏറെ സ്വാദീനിക്കും.ആ കുഞ്ഞ് വളർന്നുവരു മ്പോൾ, ഒരു വിദ്യാർത്ഥി ആയിരിക്കുമ്പോൾ ,സമൂഹത്തിൽ ഒരു മനുഷ്യനായിരിക്കുമ്പോൾ,അവൻ പ്രകടിപ്പിക്കുന്നത് അവന്റെ കുടുംബത്തിൽനിന്നും അവൻ പഠിച്ചതെന്താണോ അതായിരിക്കും.അതെ ഇതുതന്നെയാണ് വ്യക്തിത്വരൂപീകരണം എന്നു പറയുന്നത്.അപ്പോൾവ്യക്തിത്വരൂപീകരണത്തിനടിസ്ഥാനം കുടുംബംതന്നെയാണ്.

ഇന്ന് ,ഒന്നോ രണ്ടോ വ്യക്തികളിൽ ഒതുങ്ങുന്ന കുടുംബബന്ധങ്ങൾ.ആർക്കും സമയമില്ല.പണത്തിനുവേണ്ടി നെട്ടോട്ടമോടുന്ന ഒരു തലമുറ.സ്വന്തം കുഞ്ഞുങ്ങളെ നോക്കാതെ,അവരുടെ കഥകൾ , അവരുടെ ആവശ്യങ്ങൾ കേൾക്കാതെ

അവരുടെ ഭാവിക്കുവേണ്ടി പണിയെടുക്കുന്ന ഒരുപറ്റം വിഢികളെപോലെ നടക്കുന്ന മാതാപിതാക്കൾ.ഇപ്പോൾ നന്മയുണ്ടായില്ലങ്കിൽ വളർന്നു വരുന്ന നമ്മുടെ മക്കളെ നന്മയിൽ വളർത്തിയില്ലങ്കിൽ,ഭാവിവാഗ്ദാനങ്ങളായ കുഞ്ഞുങ്ങളെ നന്മയുടെ വാഗ്ദാനങ്ങളായി വളർത്താനും നാം മറന്നുപോകരുത്.അത് കുടുംബത്തിൽ പകരുന്ന സ്നേഹത്തിൽനിന്നാകണം. അങ്ങനെ നന്മയുടെ ഒരു ലോകം നമ്മുക്ക് കെട്ടിപ്പെടുത്താം.നന്മയുടെ വാഗ്ദാനങ്ങളെ വിരിയിക്കാം.

**സ്നേഹ റ്റി. ജോസഫ് & ആവണി സി.എസ്.**

# സ്വർണപക്ഷിയും ഹംസങ്ങളും

ചിത്രരഥ മഹാരാജാവിന്റെ കോട്ടാരത്തിൽ മനോഹരമായ ഒരു തടാകമായിരുന്നു അത്.അതിൽ ധാരാളം താമരപൂക്കളും തടാകത്തിൽ നീന്തിത്തുടിക്കാൻ സ്വർണ്ണവർണ്ണമുള്ള കുറെ അരയന്നങ്ങളും ഉണ്ടായിരുന്നു.രാജാവ് തന്റെ ഭടൻ മാരെ കാവൽ നിർത്തി ആ തടാകവും അതിലെ ഹംങ്ങളെയും സംരകഷിച്ചുപോന്നു . ഇതിനു പ്രതിഭലമായി നാലുമാസത്തിൽ ഒരിക്കൽ അരയന്നങ്ങൾ ഓരോ സ്യർണ്ണത്തൂവലുകൽ തടാകത്തിൽ നികേഷപിച്ചു പോന്നു. അപ്പോൾ തടാകത്തിൽ ഒരു സ്യർണ്ണ പകഷി വന്നു ചേർന്നു. അവൾ മറ്റു അരയന്നങ്ങളോടൊപ്പം തടാകത്തിൽ നീന്തിതുടിക്കാൻ തുടങ്ങി പകഷി. സ്യർണ്ണ പകഷിയേ തടാകത്തിൽ ഉള്ള അരയന്നങ്ങൾക്ക് ഇഷ്ട്പ്പെട്ടില്ല. അവർ പറഞ്ഞു. ഈ തടാകം ഞങ്ങൾ ചിത്രരഥ മഹാരാജാവിൽ നിന്നും സ്യന്തമാക്കിയിരിക്കുകയാണ്. പ്രതിഭലമായി ഞങ്ങൾ അദേഹത്തിന് നാലുമാസത്തിൽ ഒരിക്കൽ ഓരോ തൂവൽ നൽകും. പകേഷ ഇതു കേട്ട സ്യർണ പകഷി തടാകത്തിൽ നിന്നും പോകാൻ കൂട്ടാക്കിയില്ല.അവർ തമ്മിൽ വഴക്കായി. അനസാനം സ്യർണ പകഷി പരാതിയുമായി ചിത്രതഥ മഹാരാജാവിനെ ചെന്ന് കണ്ടു. “അല്ലയോ മഹാരാജാവേ" ഞാൻ അങയുടെ തടാകത്തിൽ വസിക്കാൻ വന്നതാണ്. പകെഷ അവിടേ ഉള്ള ഹംസങൾ എന്നേ അവിടേ താമസിക്കാൻ അനുവദിക്കുന്നില്ല.

" ഇതു കേട്ട രാജാവ് കോപം കൊണ്ട് വിറച്ചു”. രാജാവ് ഭടന്മാരോടായി പറഞ്ഞു. ആ തടാകത്തിൽ താമസിക്കുന്ന പകഷികളേ ഉടൻ തന്നേ അടിച്ചുകൊല്ലുവിൻ.

ഭടൻ മാരുടേ വരവ് കണ്ട ഹംസങൾക്ക് കാര്യം മനസസിലായി. കൂട്ടത്തിൽ മൂതിർന്ന ഹംസം പറഞ്ഞു." കൂട്ടരെ ; സ്യർണ പകഷി നമ്മളെ ചതിച്ചു ."നമ്മക്ക് രക്ഷപെടാം."അങ്ങനെ പുതിയൊരാളെ സ്യീകരിക്കാൻ തയാറാകാതിരുന്നവർക്ക് സ്വന്തം കിടപ്പാടം പോലും നഷ്ടപ്പെട്ടു."

**അഖില മനോജ് & ശ്രുതിമോൾ എസ്**

# CONVERSION

| | | | | |
|---|---|---|---|---|
| 1 | Acre | = | 100 | Cents |
| 1 | Acre | = | 1210 | Ankanams |
| 1 | Acre | = | 43560 | Sq.feet |
| 1 | Acre | = | 4840 | Sq.yard |
| 1 | Acre | = | 4046.9 | Sq.metres |
| 1 | Cent | = | 48.40 | Sq.yard |
| 1 | Cent | = | 40.47 | Sq.metres |
| 1 | Cent | = | 435.62 | Sq.feet |
| 1 | Cent | = | 12.10 | Ankanams |
| 1 | Ankanam | = | 36 | SQ.feet |
| 1 | Ankanam | = | 4 | Sq.yard |
| 1 | Ankanam | = | 3.34 | Sq,metres |
| 1 | Ankanam | = | 0.0826 | cents |
| 1 | Yard | = | 0.9144 | metres |
| 1 | Metre | = | 3.2808 | feet |
| 1 | Feet | = | 0.3048 | metre |
| 1 | Sqm | = | 10.764 | Sq.ft |
| 1 | Sq ft | = | 0.0929 | Sqm |
| 1 | Cu.Metre | = | 35.315 | Cu.Feet |
| 1 | Cu.Feet | = | 0.0283 | Cumetre |
| 1 | MLD (Million litres per day) | = | 10 lakhs | Litres per day |
| 1 | TMC (Thousand million cubic feet) | = | 28316 | MLD |
| 1 | Gallon | = | 3.785 | litres |
| 1 | Ounce(UK) | = | 0.0284 | litres |
| 1 | Cub | = | 0.284 | litres |

**Aiswarya Surendran**

# അമ്മുക്കുട്ടിയുടെ മുത്തശ്ശി

ഒരു ഗ്രാമത്തിൽ ഭവാനിയമ്മ എന്ന് പേരുള്ള ഒരു മുത്തശ്ശി ഉണ്ടായിരുന്നു. അവൾക്ക് രണ്ടു മക്കളുണ്ട്. അവൾ തന്റെ മൂത്ത മകന്റെ കൂടെയാണ് താമസിക്കുന്നത്. ഭവാനിയമ്മുടെ കൊച്ചുമകളാണ് അമ്മുക്കുട്ടി. അവൾക്ക് ചോറുവാരിക്കൊടുക്കുക , സ്കൂളിൽ കൊണ്ടുവിടുക , കഥ പറഞ്ഞു കൊടുക്കുക, താരാട്ടുപ്പാടി ഉറക്കുക ഇതെല്ലാമാണ് മുത്തശ്ശി ചെയ്യുന്ന കാര്യങ്ങൾ. അമ്മുക്കുട്ടിയ്ക്ക് മുത്തശ്ശി എന്നുവെച്ചാൽ ജീവനാണ്. ഒരിക്കൽ അമ്മുക്കുട്ടിയുടെ അച്ഛനും അമ്മയും അവളെയുംകൂട്ടി പട്ടണത്തിലേക്ക് പോയി താമസിച്ചു. ഭവാനിയമ്മയെ രണ്ടാമത്തെ മകന്റെ അടുത്തുകൊണ്ടാക്കി. വർഷങ്ങൾക്ക് ശേഷം അവർ നാട്ടിൽ തിരിച്ചെത്തി. മുത്തശ്ശിയെ കാണാൻ ചെറിയച്ഛന്റെ വീട്ടിലേയ്ക്ക് പോയി . ഭവാനിയമ്മയ്ക്ക് അമ്മുക്കുട്ടിയെ തിരിച്ചറിയാനായില്ല. അപ്പോൾ ഭവാനിയമ്മ തികച്ചും മരണത്തന്റെ വക്കിലെത്തി. മുത്തശ്ശിയെ കണ്ടപ്പോൾ അമ്മുക്കുട്ടിയ്ക്ക് വളരെ വിഷമമായി. മുത്തശ്ശിയെ വീട്ടിലേയ്ക്ക് കൊണ്ടുപോകാൻ അമ്മുക്കുുട്ടി ആഗ്രഹിച്ചു . പക്ഷേ അവളുടെ അച്ഛനും അമ്മയും അത് സമ്മതിച്ചില്ല. അമ്മുക്കുട്ടിയ്ക്ക് മുത്തശ്ശിയെ നോക്കി ഇവിടെ നിൽക്കണമെന്നു വാശി പിടിച്ചു. അപ്പോൾ അവർ അവളെ അവിടെ നിർത്തീട്ടു പോയി. തിരക്കുകൾ കാരണം അമ്മയെ നോക്കാൻ കഴിയില്ലന്നും മരണം വരെ അമ്മയെ നോക്കണമെന്നു അച്ഛനും അമ്മയും ചെറിയച്ഛനോടു പറയുന്നതു അമ്മുക്കുട്ടി കേട്ടിരുന്നു. അതു കേട്ടപ്പോൾ അമ്മുക്കുട്ടിക്ക് വിഷമമം താങ്ങാനായില്ല . മുത്തശ്ശിയോടുള്ള അമ്മയുടേയും അച്ഛന്റേയും സ്നേഹം കുറഞ്ഞു വന്നുകൊണ്ടിരുന്നു. അവർക്ക് മുത്തശ്ശിയൊരു ഭാരമായിത്തീർന്നു. മുത്തശ്ശിയുടെ വിവരമൊന്നു വിളിച്ചുചോദിക്കാൻപോലും അവർ കൂട്ടാക്കിയില്ല. അങ്ങനെ അമ്മുക്കുുട്ടിയോടു മുത്തശ്ശി യാത്ര പറഞ്ഞു .....

**അന്ന റ്റി ഷാജി & ആഷ്ലിമോൾ എംസ്**

# വിസ്മയലോകത്തേക്ക്

# ഒരു ഉല്ലാസയാത്ര

ആർപ്പൂക്കര ; അക്ഷരനഗരിയിൽ നിന്നും 16/1/2019 ബുധനാഴ്ച പുലർച്ചെ കോടമഞ്ഞിന്റെ തണുപ്പിൽ ഞങ്ങൾ അനന്തപുരിയിലേയക്ക് പുറപ്പെട്ടു. 9;45 -ഓടെ ഞങ്ങൾ കാഴ്ച്ചബംഗ്ലാവിൽ എത്തിച്ചേർന്നു. അവിടെ ഞങ്ങൾ വിവിധതരത്തിലുള്ള മൃഗങ്ങളെ കണ്ടു. അതിനെ തുടർന്ന് ശാസ്ത്രത്തിന്റെ നാഴിക കല്ലായ പ്ലാനിറ്റോറിയത്തിൽ എത്തി. അവിടെ ഞങ്ങൾ മനുഷ്യവർഗത്തിന്റെ അടിസ്ഥാനമായ ആശയവിനിമയത്തിന്റെ ആദ്യചുവടുകളിൽ നിന്നു തുടങ്ങി ഇന്നേ വരെയുള്ള വികസനങ്ങൾ കണ്ടു.

കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തെ പ്രധാന ഭാഗമായ നിയമസഭ സന്ദർശിച്ചു. ഞങ്ങൾ വിശിഷ്ട അതിഥികളുടെ ഗ്യാലറിയിൽ ഇരുന്നു അവിടെ ഉള്ള ഗൈഡ് നിയമസഭ നടപടികൾ നേരിട്ടുകാണുന്ന വിധത്തിൽ ഞങ്ങൾക്ക് വിവരിച്ചുതന്നു.ഉച്ചഭക്ഷണത്തിനുശേഷം ഞങ്ങൾ വിക്രം സാരാഭായ് ഏറ്റെടുത്ത് ശാസ്ത്രവികസന പദ്ധതിക്കു വേണ്ടി പണികഴിപ്പിച്ച VSSC-യിൽ എത്തിചേർന്നു.

ബസ് യാത്രയ്ക്കിടയിൽ തിരുവനന്തപുരം വിമാനത്താവളം ഞങ്ങൾ

കണ്ടു. അനന്തപുരിയുടെ സൗന്ദര്യം വിളിച്ചോതുന്ന ശംഖുമുഖം

കടൽതീരത്തേക്ക് ഞങ്ങൾ നീങ്ങി.പിന്നീട് ഞങ്ങൾ

അനന്തശായിയായ ശ്രീപത്മനാദന്റെ   സവിധത്തിലെത്തി.
തൃപ്പടിദാനത്തിലൂടെ തന്റെ  രാജ്യവും രാജാധികാരവും
അനന്തശായിയായ മഹാവിഷ്ണുവിന് സമർപ്പിച്ച
മാർത്താണ്ഡവർമ്മയുടെ മഹാമനസ്കതയ്ക്കു മുമ്പിൽ ഞങ്ങൾ

നമ്രശിരസ്സരായി.

**കൃഷ്ണ ബാബു  & ട്രീസാമരിയ ജോർജ്ജുകുട്ടി**



# മിഠായി.com


*കത്തി കൊടുത്തു മാങ്ങ വാങ്ങി ഢും ഢും ഢും*

*മാങ്ങ കൊടുത്തു പെണ്ണിനേ കിട്ടി ഢും ഢും ഢും*


*പെണ്ണിനേ കൊടുത്തു എണ്ണ വാങ്ങി ഢും ഢും ഢും*

*എണ്ണ കൊടുത്തു ദോശ വാങ്ങി ഢും ഢും ഢും*

*ദോശ കൊടുത്തു ചെണ്ട കിട്ടി ഢും ഢും ഢും*




***ഗ്രെയ്സ് മരിയ ജോബി***





# GEOGEBRA




*Aparna D Nair &Seetha K .S*

# കഴുത

മിടുക്കനായ ശില്പിയായിരുന്നു രാമു. ഒരിക്കൽ രാമു തന്റെ സ്നേഹിതനായ ദാമുവിന് ഒരു ദേവിയുടെ ശില്പം നിർമ്മിക്കുകയുണ്ടായി. അല്പം വലിയ ശില്പമായിരുന്നു അത്. ആ ശില്പം തന്റെ കഴുതയുടെ പുറത്തുവെച്ച് സ്നേഹിതന്റെ അടുത്തേക്ക് ദാമു യാത്രയായി.

ദേവിയുടെ ഭംഗിയുള്ള രൂപമായതു കൊണ്ട് ആളുകൾ ശില്പത്തെ കൈകൂപ്പി വണങ്ങാൻ തുടങ്ങി.അവർ ശില്പവുമായി വരുന്ന കഴുതക്കു പോകാൻ വഴി മാറി കൊടുത്തു.

*ഇതെല്ലാം കണ്ടപ്പോൾ കഴുതക്ക് ഗമ കൂടി. ആളുകൾ തന്നെയാണ് വണങ്ങുന്നതെന്ന് അവൻ കരുതി. അവൻ സന്തോഷം കൊണ്ട് ശബ്ദമുണ്ടാക്കാനും തുള്ളിച്ചാടാനും തുടങ്ങി.*

*അനുസരണയോടെ നടക്കാൻ ദാമു പറഞ്ഞെങ്കിലും അവൻ കേട്ടില്ല. ഒടുവിൽ വിഗ്രഹം വീഴുമെന്ന അവസ്ഥയായി.*

ദാമുവിന് ദേഷ്യം വന്നു. ഒരു കമ്പെടുത്ത് കഴുതയ്ക്ക് രണ്ട് അടി കൊടുത്തു. കിട്ടേണ്ടതു കിട്ടിയപ്പോൾ കഴുയുടെ ഗമയെല്ലാം പറപറന്നു.

അവർ അനുസരണയോടെ നടക്കാൻ തുടങ്ങി.

*വിദ്യ അജിത് & ആര്യാ മോൾ അജി*

# ഇന്ധനം

-കവിത

ചെളിക്കുത്തുകൾക്കു മീതേ
അമ്മയിടെ ചേറ്റുപാത്രം
പാതി വെന്ത വറ്റ്...............
ഒടുവിലത്തെ നിശ്വാസത്തിന്
മുളകു തുവിയ വിത്ത്!
കൊയ്തെടുത്ത
കതിർക്കറ്റയിൽ  വീണ
അവസാനശ്വാസം .................
പെരുവിരൽ കുട്ടിക്കെട്ടിയപ്പോഴും
ഇടുപ്പിൽ
തണുത്തുറഞ്ഞ
ഉള്ളിവട!
മഴ പെയ്ത രാവുകൾ
ഉമ്മറപ്പടിയിൽ  നിന്നും
തകരവിളക്കിലേക്ക്
പരകായം ചെയ്യുമ്പോൾ
ദൂരെ ഒരു വിളി ,
നേർത്ത തലോടൽ
അമ്മ......!
പ്രോഗ്രസ് കാർഡിന്റെ
ഭാവിക്കളങ്ങൾ
മിടുക്കനാക്കിയപ്പോൾ
മുറ്റത്തെ
നിഴൽ വളരുന്നുണ്ടായിരുന്നു.
*ചടുലതാണ്ഡവമാടിയ*

*രാവിന്റെ പെരുംകരുതിക്ക്,*


ചുവന്ന കണ്ണുകൾ......,
അമ്മയിലൂടെ
ഇന്ധനമാകുന്ന ഓർമകളിൽ
എപ്പോഴാണ് -
ഉള്ളിവടയുടെ നേർത്ത
ഗന്ധം,
ശ്വാസഗതിയായത് ?
കണ്ണെത്താദൂരത്തേക്ക്
നെല്ലുകൾ
വളരുകയാണ്
പാകമായതിന്റെ
തലതാഴ്ത്തലും!

*ആദിത്യ സന്തോഷ് & പൂജ ലക്ഷ്മി*


# Hai...Birds

crow is a cleaning bird
cuckoo is a singing bird
parrot is a speaking bird
peacock is a dancing bird
pigeon is a symbol of peace.

Gangalakshmi M



# എന്റെചിത്രം



അനന്യ റെജി

# <u>2019</u>

Ramanujam was agreat mathematician . His work in prime number is second to none.
(for your ready reference a prime number can be fully divided only by 1 or that number itself.)
He made an unique observation regarding 2019

The number 2019 is the smallest number that can be written in 6 ways as the sum of the squares
of 3 prime numbers

$7^2 + 11^2 + 43^2 = 2019$

$7^2 + 17^2 + 41^2 = 2019$

$13^2 + 13^2 + 41^2 = 2019$

$11^2 + 23^2 + 37^2 = 2019$

$17^2 + 19^2 + 37^2 = 2019$

$23^2 + 23^2 + 31^2 = 2019$

wishing you a prime 2019 !!!

**Nayana Ajith**

# The Theft

Just as detective Jabardast and his assistant sawalkar  stepped out of their office the Nambiar sister ,who lived in the same building came rushing to them.

"Sir, we need your help, " gasped Usha the older of the two." My sister Jyoti was going to the friend,s wedding yesterday. As the road was under repair and dug up ,the rickshaw stopped some distance from the hall and she had to step off and walk.

"As I was walking towards the hall," said jyoti interrupting  Usha , a car came from the opposite side and stopped beside me."jyoti told the detective that a man and a women got out of the car and the man brandished a knife at her gold earring and necklace. Then seeing another car coming , they quickly got into their car and sped away.

" Did you note down the number of their car ?" asked Sawalkar.

" I ran after the car shouting but it speed away and was soon out of sight and so I couldnt note the number "replied Jyoti.

Usha urged they detective to help them get back the jewellery . " Dont worry Ms Nambiar you will get them back. Just ask jyoti to return them to you " said the detective "your sister was not robber . She cooked up the story because she wanted to keeping
the jewellery for herself."

jyoti broke down and confessed that she had indeed made up the story of being robbed.

Late after the sister had left sawalkar asked the detective what made him think that jyoti had made up the story?

" My dear sawalkar ," said the detective " Its quite obvious jyoti said the car had sped away and disappeared from sight . But if the road was under repair and even a rickshaw could not pass through, how could the sped away ?"

Siva Priya K.S

# സംഖ്യാജാലം

12345679 x 9 x1 =111,111,111

12345679 x 9 x2 =222,222,222

12345679 x 9 x3 =333,333,333

12345679 x 9 x4 =444,444,444

12345679 x 9 x5 =555,555,555

12345679 x 9 x6 =666,666,666

12345679 x 9 x7 =777,777,777

12345679 x 9 x8 =888,888,888

12345679 x 9 x9 =999,999,999

**Aiswarya Lakshmi Babu**

# വറ്റാത്ത നീരുറവ

പുഴയായി അലയായി ഒഴുകുന്ന
കരളിന്റെ കരളായ് മാറുന്ന അമ്മ
ജീവന്റെ ജീവനായ് സ്നേഹമായ് സ്പർശമായ്
ഓമനിക്കുന്ന താരാട്ടുമായ്

ഏതോ ഒരുഹർഷസാന്ദ്രമായ്
ഓടിയെത്തുന്ന അരികിലേക്ക്
ജന്മാന്തരപുണ്യമല്ലേ

മാറാത്ത മായാത്ത സ്നേഹത്തിനർത്ഥം
കാണുന്നു നിന്നിൽ എൻ വജസ്സേ
നീ വിട്ടു പോകല്ലേ ഞാൻ ഒറ്റയായ്
മലരേ നീ വിട്ടു പോകല്ലേ

കേഴുന്നു നിൻ തൃപാദപീഠത്തിൽ
നിൻ അനുഗ്രഹാശിസ്സുകളാന്നെനിക്കീ
ഭൂമിയിൽ ജീവനത്ഥാനം പകർന്നിടുന്നു.

**സ്നേഹമോൾ ജോബി & ഗംഗ എം സുജൻ**

# നിഴൽവീണ വഴികൾ

മുളക്കിറ്റുകൾ കൊണ്ടു ചാർത്തിയ ജനലഴികൾക്കുള്ളിൽ നിന്ന് അയാൾ പുറത്തേക്കു നോക്കി.കണ്ണെത്താദൂരത്തോളം പരന്നുകിടക്കുന്ന കായൽ. അതിന്റെ അങ്ങേ തലയ്ക്കലെങ്കിലെങ്കിലും ഒരു ചെറുവള്ളം കാണുന്നുണ്ടോ. കരയും കായലും വേർതിരിച്ചറിയാനാവാത്ത വിധമാണ് ജലപ്പരപ്പ്. വെള്ളത്തിനു മുകളിൽ അങ്ങിങ്ങായി കാണുന്ന ചെറുപച്ചപ്പിൽ തണുത്തുവിറച്ച് കൊക്കുരുമ്മി ചില പക്ഷികൾ മാത്രം. അകലെ ഉരുണ്ടുകൂടുന്നകാർമേഘങ്ങൾ വീണ്ടുമൊരു മഹാമാരിക്കുള്ള ഒരുക്കത്തിലാണ് . ഇന്നും മഴ തന്നെ അയാൾ മനസ്സിൽ കുറിച്ചു. ദ്രവിച്ച ഓലക്കീറുകൾക്കിടയിലൂടെ അരിച്ചിറങ്ങുന്ന സൂര്യ വെളിച്ചം കണ്ട് പ്രതീക്ഷയ്ക്കു വകയില്ലന്നറിഞ്ഞതോടെ ജനലഴികൾക്കു മറയായിരുന്ന നനുത്ത ചാക്ക് അയാൾ വലിച്ചു താഴ്ത്തിയിട്ടു. മുട്ടൊപ്പം വെള്ളം നിറഞ്ഞ കുടിലിന്റെ വശത്ത് ഓലമടയ്ക്കുള്ളിൽ ഭദ്രമായി പൊതിഞ്ഞുവച്ചിരുന്ന തീപ്പെട്ടിയെടുത്ത് പഴയ ചിമ്മിനി വിളക്കിന്റെ തിരി കത്തിച്ചു. ചെറിയൊരുപാത്രമെടുത്ത് പലകത്തട്ടിലെ മണ്ണെണ്ണ സ്റ്റൗവ്വിൽ വച്ച് വെള്ളമൊഴിച്ചു. പഞ്ചസാരയും കാപ്പിപ്പൊടിയും ഇനി അധികമുണ്ടാവില്ല.

മുളങ്കമ്പിൽ പൊക്കിനിർത്തിയ കയറുകട്ടിലിൽ പിഞ്ചിത്തുടങ്ങിയ പുതപ്പിനുള്ളിൽ പനിച്ചു കിടക്കുകയാണ് , തന്റെ മകൾ. ഇന്നെത്ര ദിവസമായി ചൂടിനൊരു കുറവുമില്ല. കഴിഞ്ഞ ദിവസം പനിച്ചുറങ്ങുന്ന കുഞ്ഞിനെ തനിച്ചാക്കിയാണ് ഒരുവിധം കായൽ നീന്തിക്കടന്ന് താൻ അക്കരെ ആശുപത്രിയിലെത്തിയത് തിരക്കിനിടയിൽ കടന്ന് എങ്ങനെയോ മരുന്നുവാങ്ങി തിരികെയെത്തിയപ്പോഴേക്കും നേരമിരുട്ടിയിരുന്നു. തിമിർത്തുപെയ്യുന്ന മഴമേഘങ്ങൾക്കുകീഴെ ചോർന്നൊലിക്കുന്ന കൂരയിൽ നിന്നും മകളെയുംകൊണ്ട് താനെവിടേക്കു പോകാൻ . കട്ടിലിനു താഴെ കുഞ്ഞിനെയും ചേർത്തുകിടന്ന് അയാൾ തെല്ലൊന്നു മയങ്ങി.

ഈ മഴയിനിയും മാറീല്ലേ അച്ചാ.... ചെറിയ ഞരക്കത്തിൽ മകളുടെ ചോദ്യം കേട്ട് അയാൾ ഉണർന്നു. മഴ മാറും മോളെ വെള്ളമിറങ്ങിയിട്ട് അച്ചൻ മോളെ.... അക്കരെ കാവിൽ ഉത്സവത്തിനു കൊണ്ടുപോകാം.. കുഞ്ഞുടുപ്പും കരിവളയുമൊക്കെ വാങ്ങിത്തരാം . നിറയുന്ന കണ്ണുകൾ അവൾ കാണാതിരിക്കാൻ അയാൾ പാടുപെടുന്നുണ്ടായിരുന്നു.

അക്കരെ ദുരിതാശ്വാസ സംഘടനകളുടെ വാഹനങ്ങൾ ഇടയ്ക്ക് വന്നുപോകുന്നുണ്ടന്നറിയാം . പക്ഷെ മോളെ തനിയെ വിട്ടിട്ട് പലപ്പോഴും അക്കരെ നീന്തിയെത്താനാവുന്നില്ല. മോൾക്കു സുഖമില്ലാതായതോടെ ആകെ താളം തെറ്റി.അടുത്ത തുരുത്തിലെ അംഗൻവാടിയിൽ മോളെ വിട്ടിട്ടാണ് താൻ പണിക്ക് പൊയ്ക്കൊണ്ടിരുന്നത്. വെള്ളം കയറിയതോടെ അതു നിലച്ചു. അവളുടെ അമ്മയുണ്ടായിരുന്നപ്പോൾ എല്ലാത്തിനും ഒരു ചിട്ടയും ഒഴുക്കുമുണ്ടായിരുന്നു. വൈകിട്ടു പണികഴിഞ്ഞുവരുമ്പോൾ സുകുമാരന്റെ ചായക്കടയിൽനിന്നും ഒരു പലഹാരപ്പൊതി അയാൾ കരുതും ചിന്നുവിനും അമ്മയ്ക്കുമായി. ചാറ്റൽമഴയത്ത് അമ്മുവിനോടൊപ്പം മുളംചങ്ങാത്തിൽ, ചൂണ്ടയിട്ടു നടന്നതും, ഉത്സവത്തിനു പോയതുമെല്ലാം അയാളോർത്തുകിടന്നു.

ഇതുപോലൊരു വർഷകാലത്താണ് തന്നെയും, കുഞ്ഞിനെയും തനിച്ചാക്കി അവൾ പോയത് . അക്കരെ സിനിമ ടാക്കീസിൽ പടം കണ്ടു തിരികെ വള്ളത്തിൽ വരുമ്പോളാണ് , അകലെ കടന്നുപോയ ബോട്ടിന്റെ ഓളത്തിൽ വള്ളം മറിഞ്ഞതും അവൾ ആഴങ്ങളിലേക്ക് യാത്ര പോയതും ചിന്നുവിനെ കൈവിട്ടുപോകാതെ പിടിച്ചു നിൽക്കാനല്ലാതെ തനിക്കൊന്നും ചെയ്യാനായില്ല. വള്ളങ്ങളിൽ ആളുകളെത്തിയപ്പോഴേക്കും , തന്നെയും മോളെയും തനിച്ചാക്കി അവൾ പോയിരുന്നു.

ചിന്നവിന്റെ ഞരക്കം കേട്ടാണ് അയാൾ ചിന്തയിൽനിന്നും ഉണർന്നത്. അമ്മേയെന്നു വിളിച്ച് കരഞ്ഞുകൊണ്ട് അവർ കണ്ണു തുറന്നു. എനിക്കമ്മെയെ കാണണം. തുളുമ്പി നിന്ന കണ്ണുകളടച്ച് അയാൾ മകളെ ചേർത്തു പിടിച്ചു. ദൂരെ കാറുമൂടിയ ആകാശം  ചൂണ്ടി പറഞ്ഞു. ഇന്ന് അമ്മയെ കാണാൻ പറ്റില്ല മോളെ നാളെയാവട്ടെ.
നിലാവുള്ള രാത്രികളിൽ കുടിലിന്റെ ജനലഴികൾക്കിടയിലൂടെ നക്ഷത്രങ്ങളെ ചൂണ്ടി കണ്ണുചിമ്മുന്ന അമ്മയെ കാട്ടിക്കൊടുത്ത് അവളെയുറക്കുമായരുന്നു പലപ്പോഴും.

ആർത്തലച്ചു പെയ്തിരുന്ന മഴക്കൂട്ടങ്ങൾ എവിടേയ്ക്കോ പിൻവാങ്ങി. തൊടിയിലെയും മുറ്റത്തെയും വെള്ളമത്രയും കായലിന്റെ മാറിലേക്കുതന്നെ ഒതുങ്ങിമാറി. ഒളിച്ചുകളിക്കുന്ന മേഘത്തുണ്ടുകൾക്കിടയിലൂടെ പകലോന്റെ കതിരുകൾ എത്തിനോക്കുന്നുണ്ടായിരുന്നു. മഴയൊഴിഞ്ഞ ആ പ്രഭാതം മുതൽ, മുളം കട്ടിലിനു കാവലിരുന്ന അയാൾ,അസ്തമനാമായപ്പോൾ എന്തോ ചിന്തിച്ചുറപ്പിച്ചതുപോലെ മെല്ലെ എഴുന്നേറ്റു. മകളുടെ നനുത്ത ശരീരം ചേർത്തുപിടിച്ച് ഗാഢമായി ചുംബിച്ചു. പഴയൊരു വെള്ളത്തുണിയിൽ പൊതിഞ്ഞു പിടിച്ച് തോളിലേറ്റി, പതിയെ പുറത്തേക്കിറങ്ങി.ചെങ്ങി നിറഞ്ഞ വരമ്പത്തുകൂടി,അല്പം മണ്ണുതേടി അടുത്ത തുരുത്തിലേക്കു നടന്നു. ഇരുളുവീണ വഴികൾ താണ്ടി മുന്നോട്ടു നടക്കുമ്പോൾ,തലേന്നു രാത്രി ഉറക്കത്തിൽ അവൾ പറഞ്ഞ വാക്കുകൾ അയാളുടെ മനസ്സിൽ പ്രതിധ്വനിച്ചു കൊണ്ടിരുന്നു.എനിക്കമ്മെയെ കാണണം. അച്ഛൻ കൊണ്ടുപോയില്ലെങ്കിൽ ഞാൻ തനിയെ പോകും അമ്മയെ കാണാൻ.

നിഴൽ വീണ വഴികളിൽ പൂർണ്ണമായും ഇരുട്ടു പരന്നത് അയാൾ അറിഞ്ഞുതുപോലുമില്ല

.

**മെർളിൻ മിനോയി**

നന്ദി

നന്ദി

നന്ദി